## സെന്റ് ജോസഫ് എച്ച് എസ് എസ്

### കോടഞ്ചേരി

# മഴവില്ല്



**ഡിജിറ്റൽ മാഗസിൻ**

2024


സെന്റ് ജോസഫ് എച്ച്. എസ്.എസ്
കോടഞ്ചേരി


സെന്റ് ജോസഫ് എച്ച്. എസ്.എസ്
കോടഞ്ചേരി
-> മികച്ച കമ്പ്യൂട്ടർ ലാബുകൾ
-> വെർച്വൽ ക്ലാസ് റൂം
-> വ്യക്തിധിഷ്ഠിത പഠനം
-> മൂല്യാധിഷ്ഠിത ബോധനം
-> എസ്.പി.സി, ജെ.ആർ.സി, സ്കൗട്ട്,ഗൈ
-> മികച്ച കലാകായിക വിദ്യാഭ്യാസം
-> ഹാൻഡ്ബോൾ കോച്ചിങ്ങ്
-> മികച്ച കൗൺസിലിങ്ങ് സൗകര്യം



# ആശംസ




**ശ്രീ വിജോയ് തോമസ്**

സെൻറ് ജോസഫ് ഹയർസെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ആഭിമുഖ്യത്തിൽ 2023- 24 അധ്യയന വർഷത്തിൽ പുറത്തിറക്കുന്ന മഴവില്ല് എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. കയ്യെഴുത്തു മാസികകൾ കണ്ടു പരിചയം ഉള്ള കുട്ടികൾക്ക് ശാസ്ത്രസാങ്കേതിക യുഗത്തിൽ പുതിയൊരു അനുഭവമാണ് ഡിജിറ്റൽ മാഗസിനുകൾ. ഇനിയുള്ള കാലഘട്ടങ്ങളിൽ ഡിജിറ്റൽ മാഗസിനുകൾ ആയിരിക്കും വായിക്കപ്പെടുക. ഏതുതരം മാഗസിനുകൾ ആയാലും അവിടെ പ്രകാശിതമാകുന്നത് കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കലാപരമായ, സാഹിത്യപരമായ കഴിവുകളാണ്. അതിനെ ഡിജിറ്റലൈസ് ചെയ്യുക എന്ന സാങ്കേതികവിദ്യയും കുട്ടികൾ ഗ്രഹിക്കുന്നു. വളരുന്ന ശാസ്ത്രസാങ്കേതിക വിദ്യയോടൊപ്പം വിദ്യാഭ്യാസ പ്രവർത്തനങ്ങളും കലാകായിക സാംസ്കാരിക പ്രവർത്തനങ്ങളും ഡിജിറ്റലൈസ് ചെയ്ത് ശാസ്ത്രത്തോടൊപ്പം, സാങ്കേതികവിദ്യയോടൊപ്പം നമുക്കും സഞ്ചരിക്കാം. ഈ മാഗസിൻ തയ്യാറാക്കുന്നതിനു പിന്നിൽ പ്രവർത്തിക്കുന്ന, നേതൃത്വം വഹിക്കുന്ന അധ്യാപകരായ സീന റോസ്, മിനി മാത്യു എന്നിവർക്കും എല്ലാ കുട്ടികൾക്കും എല്ലാ നന്മകളും നേരുന്നു. ഈ ഉദ്യമം സ്കൂളിന് ഒരു മാതൃകയായി തീരട്ടെ എന്ന് ആശംസിക്കുന്നു.


ഹെഡ്മാസ്റ്റർ
സെൻറ് ജോസഫ്സ് എച്ച് എസ് എസ്
കോടഞ്ചേരി

# ആശംസ



വിവരസാങ്കേതികവിദ്യ മുന്നേറുന്ന ഇന്നത്തെ കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ് ക്ലബ് സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്നും പ്രാധാന്യം അർഹിക്കുന്നതാണ്. ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ ഈ മാഗസിന് അവരുടെ സർഗാത്മകതയെ പരിപോഷിക്കുന്നതാണ്. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും

സീന റോസ്
കൈറ്റ് മിസ്ട്രസ്




# ആശംസ



വസന്തമലരുകൾ ഇതൾ വിരിച്ച് നിൽക്കുന്ന ഈ കലാലയത്തിലെ  വിദ്യാർഥികളുടെ സർഗ്ഗശേഷികളും സാങ്കേതിക മികവുകളും ഒരുമിച്ച് പ്രകടമാക്കുന്ന മഴവില്ല് എന്ന മാഗസിന് എന്റെ എല്ലാവിധ ആശംസകളും

മിനി മാത്യു
കൈറ്റ് മിസ്ട്രസ്സ്



# എഡിറ്റോറിയൽ



ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ അവർക്ക് ഓരോ കഴിവുകൾ കൊടുക്കുന്നു. അവ വളർത്തിയെടുക്കാനാണ് ഓരോ വിദ്യാഭ്യാസ കേന്ദ്രങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനായി നമ്മുടെ കൊച്ചു കേരളത്തിൽ സർക്കാർ പുത്തൻ ചിന്തകൾ കൊണ്ടുവരുന്നു. അവയിൽ പ്രധാനപ്പെട്ടവയിൽ ഒന്നാണല്ലോ ലിറ്റിൽ കൈറ്റ്.

കയ്യെഴുത്തു മാഗസിനുകൾ മാത്രം കണ്ടും കേട്ടുമുള്ള നമ്മുടെ ഇന്നത്തെ ലോകത്തിന് സ്വന്തമായി സാഹിത്യങ്ങൾ രചിക്കാനും അവ വിവരസാങ്കേ വിദ്യ വഴി ലോകത്തെ അറിയിക്കാനുമുള്ളതാണ് ഞങ്ങളുടെ "മഴവില്ല്" എന്ന ഈ മാഗസിൻ.

വെള്ളവും വെളിച്ചവും തമ്മിലുണ്ടാകുന്ന വിസരണം ആണല്ലോ മഴവില്ല്. അതുപോലെ സെന്റ് ജോസഫിലെ വിദ്യാർത്ഥികളുടെ കലാസൃഷ്ടികൾ കൂട്ടിക്കലർത്തി ഞങ്ങൾ ജീവൻ നൽകിയതാണ് ഈ വർണ്ണചെപ്പായ "മഴവില്ല്".

ഇനിയുള്ള പുതിയ തലമുറയുടെ ഓരോ കഴിവുകളും എവിടെയും ഒതുങ്ങി നിൽക്കേവയല്ലെന്ന് ഞങ്ങൾ ഇതിലൂടെ ഓർമിച്ചുകൊള്ളുന്നു....

ഷഹാന ഷെറിൻ



തുഷാരഗിരിയിലൂടെ........





ഇന്ത്യയുടെ പതിനൊന്നാമത്
രാഷ്ട്രപതിയായിരുന്ന
അവുൽ പകീർ ജൈനുലബ്ദീൻ
അബ്ദുൽ കലാം എന്ന
എ.പി.ജെ. അബ്ദുൽ കലാം.
പ്രശസ്തനായ മിസൈൽ
സാങ്കേതികവിദ്യാവിദഗ്ധനും
എഞ്ചിനീയറുമായിരുന്നു
ഇദ്ദേഹം.

# കലാവേദികളിലൂടെ












# ഒരിക്കലും

## ഓർമ്മിക്കുകയില്ല..........

എന്നോ മൊഴിചൊല്ലി
പിരിഞ്ഞു നാം
പോകുമ്പോൾ
എൻ ഹൃദയത്തിൽ
എവിടെയോ ഓർമ്മി
ക്കുന്നവനായി
ചില്ലിട്ട ജാലക വാതിലിലൂട
താനെ പുറത്തേക്ക്
നോക്കിയപ്പോൾ
ആരെയോ തേടുന്ന നിന്നെ
ഞാൻ ഇത്ര നാൾ
കാത്തു സൂക്ഷിച്ച
പോയെന്നു ഓർത്തു
പോകുമ്പോൾ എൻ
ഹൃദയത്തി ലെവിടെയോ നീ
വേനലിൽ ചൂടത്ത്
നിന്നെ ഞാൻ ഓർക്കുമ്പോൾ
കത്തിയെരിയുന്നു എൻ
ഹൃദയം

അൽഫോൻസ സുനോയി

# ഉടുപ്പ്

നിഴലുടുപ്പിട്ട
നങ്ങാതെ കണ്ണിമ
വെട്ടാതെ സിന്ധൂരപ്പൊട്ട്
മായുന്നതും

ഉപ്പ ചരണ്ടി രുളുടുപ്പുരിഞ്ഞതും
കണ്ട , നിങ്ങാതെന്നും
കരിപ്പ്രതിമ ഞാൻ

ആൽഡ്രിൻ ജൂബി 8ഡി

# സ്നേഹ വില

പണ്ട് സിലോണിൽ കുടുംബ കലഹങ്ങളിൽ പെട്ട് നശിക്കാൻ പോണ ഒരു നഗരമുണ്ടായിരുന്നു. കുടുംബത്തിലെ സ്നേഹ ബന്ധത്തെക്കുറിച്ച് അവർക്ക് അറിയില്ലായിരുന്നു .അവിടെ രണ്ടാമത് ഒരു പെൺകുഞ്ഞു കൂടി ജനിച്ചു.നഗരത്തിന് നന്മയുടെ സന്ദേശമാകണമെന്ന് അമ്മ ആഗ്രഹിച്ചു.

അമ്മ പറഞ്ഞു നമ്മുടെ മോൾക്ക് താങ്ങായ് എന്നും മോൻ വേണം', ശരിയാ അച്ഛനും അമ്മയും ഒരുമിച്ച് തീരുമാനിച്ചു .ഒരു ദിവസം കുഞ്ഞനിയത്തിക്ക് മാത്രമേ അമ്മ പാൽ കൊടുക്കുന്നുള്ളു വെന്ന് പറഞ്ഞ് ചേട്ടൻ വഴക്ക് ഉണ്ടാക്കി. അവൻ ശാഠ്യം പിടിച്ചു.അമ്മയുടെ സ്നേഹത്തിന് മുമ്പിൽ മനസില്ലാ മനസോടെ അവൻ കീഴടങ്ങി.തുടന്നുള്ള ദിവസങ്ങളിലും ഇത് പതിവായ്', എത്ര ശ്രമിച്ചിട്ടും അവരുടെ വഴക്ക് ഒഴിവാക്കാൻ അമ്മക്ക് കഴിഞ്ഞില്ല. ഒരാളെ ഞാൻ ഹോസ്റ്റലിൽ ആക്കും അമ്മ പറഞ്ഞു.

ഒരു ദിവസം ചേട്ടൻ തിരക്കിട്ട് സ്കൂളിൽ പോവാണ്. അതിനിടെ ശബ്ദം കേട്ട് അമ്മ അങ്ങോട്ട് ചെന്നു. അമ്മേ ഇവളെൻ്റെ ബുക്ക് കീറി.അനിയത്തിയെ തല്ലിയത കുന്ന ഏട്ടൻ അമ്മക്ക് സഹിക്കാനായില്ല. ഇനി വഴക്കായാൽ ഒരാളെ ഹോസ്റ്റലിൽ ആക്കും അമ്മ പറഞ്ഞു.

അച്ഛൻ ബിസിനസ് ആവശ്യത്തിന് പുറത്താണ്. അടുത്ത വഴക്ക് കാര്യങ്ങൾ പരിധിയിൽ നിൽക്കില്ലെന്ന് അമ്മക്ക് മനസിലായി.അച്ഛൻ്റെ അനുവാദം വാങ്ങി ചേട്ടനെ ഹോസ്റ്റലിലാക്കി. ഹോസ്റ്റൽ റൂമിലെത്തിയ അവൻ തലയിണയിൽ മുഖം അമർത്തി വിതുമ്പി കരഞ്ഞു .കുടുംബത്തിൻ്റെ ഓർമകൾ അവനെ അലട്ടി. ഊണിലും ഉറക്കത്തിലും അവൻ്റെ മനസിൽ വീട് മാത്രമായിരുന്നു. അനിയത്തിയെ വേദനിപ്പിച്ചത് അവനെ വല്ലാണ്ട് തളർത്തി. നല്ല കുട്ടിയാവണം അവൻ തീരുമാനിച്ചു. വീടാണ് സ്വർഗം. അമ്മയുടെയും അച്ഛൻ്റേയും അനിയത്തിയുടേയും 'വരവിനായ് അവൻ കാതോർത്തിരുനനു.

സജ്ന

VIII B



# കേരള പുഷ്പങ്ങൾ

## മന്ദാരം

മന്ദാര തറവാട്ടിലെ സുന്ദരിയാണ് വെള്ളമന്ദാരം  ലോകത്തിലെ ഏറ്റവും ഭംഗിയുള്ള പൂക്കളിൽ ഒന്നായി വെള്ളമന്ദാരത്തെ വാഴ്ത്തുന്നവർ ഉണ്ട്  ക്ഷേത്രത്തിൽ മാല കെട്ടാനും പൂജയ്ക്കും മന്ദാരത്തിന്റെ പൂക്കൾ ഉപയോഗിക്കുന്നു  ചുവന്ന മന്ദാരം മഞ്ഞമന്ദാരം ഇങ്ങനെ മന്ദാരം പലതരമുണ്ട്



# കോളാമ്പി

പൂന്തോട്ടങ്ങളിലും പാതയോരങ്ങളിലും ഒക്കെ പൊൻ
ിരിതൂകി നിൽക്കുന്ന മനോഹര പുഷ്പമാണ് കോളാമ്പി.
ർഷം മുഴുവൻ കോളാമ്പി ചെടിയിൽ പൂക്കൾ ഉണ്ടാവും.
ചില്ലകളുടെ അറ്റത്ത് കൂട്ടമായിട്ടാണ് പൂക്കൾ ഉണ്ടാവുക.



# മുല്ല

രാത്രിയിൽ വിരിയുന്നതിൽ ഏറ്റവും സുഗന്ധമുള്ള പൂക്കളിൽ ഒന്നാണ് മുല്ലപ്പൂ. മുല്ലപ്പൂ ചൂടിയ മലയാള വനിത മലയാള നാടിന്റെ മുഖശ്രീയാണ്.



# ശംഖുപുഷ്പം

ശംഖിന്റെ ആകൃതിയാണ് ശംഖുപുഷ്പം എന്ന പേരിനു കാരണം. പൂക്കൾ നീല വെള്ള പിങ്ക് നിറങ്ങളിൽ ഉണ്ട്. വേലിയിൽ പടർന്നുകയറി പൂത്തു കിടക്കുന്ന ശംഖുപുഷ്പം നാട്ടിൻപുറങ്ങളിൽ സാധാരണ കാഴ്ചയായിരുന്നു



# മുക്കുറ്റി

ഓണക്കാലം എത്തുമ്പോൾ നക്ഷത്രം പോലുള്ള മഞ്ഞപ്പൂക്കളുമായി മുറ്റത്തും തൊടിയിലും ഒക്കെ കൊച്ചുമുക്കുറ്റികൾ നിരന്നുകഴിയും. ദശപുഷ്പങ്ങളിൽ



ഒന്നായ മുക്കുറ്റി ആയുർവേദ ചികിത്സയിൽ പ്രധാനമാണ്. മുക്കിറ്റിയുടെ ഇല അരച്ച് പുരട്ടിയാൽ മുറിവ് എളുപ്പത്തിൽ ഉണങ്ങും. "മുറികൂട്ടി" എന്ന പേര് മുക്കുറ്റിക്ക് വന്നത് ഇങ്ങനെയാണ്.

# ചെമ്പരത്തി

**ക്ഷേത്രങ്ങളിൽ പൂജാ പുഷ്പമായും മാല കെട്ടാനും ചെമ്പരത്തി ഉപയോഗിക്കുന്നു. ഓണപ്പൂക്കളത്തിനും ചെമ്പരത്തി നിത്യ സാന്നിധ്യമായിരുന്നു. നല്ലൊരു ഔഷധസസ്യം കൂടിയാണ് ചെമ്പരത്തി. പലനിറത്തിലും പലതരത്തിലും ഇവ കാണപ്പെടുന്നു. താപനില നിയന്ത്രിക്കാൻ ചെമ്പരത്തിക്ക് പ്രത്യേകമായ കഴിവുണ്ട്.**






# ചിത്രരചന



പാർവതി ഗോപാലകൃഷ്ണൻ





അന്ന മേരി  ബിജു
10 c

# ഉറക്ക സൂത്ര

ഒരു പലചരക്ക കടയിലെ കണക്കെഴുത്തുകാരനാണ് സോമു. ജോലിയിൽ ബഹു മിടുക്കൻ. പെട്ടെന്നൊരിക്കൽ സോമുവിന് തീരെ ഉറക്കമില്ലാതായി.അങ്ങനെ ഒരു ഡോക്ടറിനെ കാണാൻ പോയി. സോമുവിനെ പരിശോധിച്ച് ഡോക്ടർ മരുന്നു കൊടുത്തു. എന്നിട്ടു പറഞ്ഞു :- "ഉറങ്ങാൻ പോകും നേരം കിടക്കുന്നതിനു മുൻപായി ഒരു കാര്യം കൂടി ചെയ്യണം, കൂട്ടിൽ നിൽക്കുന്ന ഒരു ആട്ടിൻ പറ്റത്തെ മനസിൽ ഓർക്കുക, എന്നിട്ട് അതിൽ ഓരോന്നായി പുറത്തു ചാടുകയാണെന്ന് കരുതുക. ഉറക്കം വരുന്നതു വരെ, പുറത്തു ചാടുന്ന ആടുകളെ എണ്ണികൊണ്ടിരിക്കണം. ഉറക്കം താനെ വരും.'' സോമു എല്ലാം തലയാട്ടി സമ്മതിച്ചു. ഒരാഴ്ച കഴിഞ്ഞ് സോമു വീണ്ടും ഡോക്ടറുടെ അടുത്തെത്തി ഡോക്ടറേ, എല്ലാ മരുന്നും പരീക്ഷിച്ചു എന്നിട്ടും രാത്രി ഒരുപോള കണ്ണടയ്ക്കാൻ പറ്റുന്നില്ല. സോമു സങ്കടത്തോടെ പറഞ്ഞു

"ങ്ങോ ,അപ്പോൾ ഞാൻ പറഞ്ഞ എണ്ണൽ വിദ്യ ചെയ്ത് നോക്കിയില്ല?"ഡോക്ടർ ചോദിച്ചു

"എന്നും രാത്രി അതുതന്നെയായിരുന്നു പരിപാടി എണ്ണിത്തുടങ്ങി പത്തു മിനിറ്റ് ആകുമ്പോഴേക്ക് ആടുകളുടെ എണ്ണം തെറ്റും. പിന്നെ കണക്ക് ശരിയാക്കുമ്പോഴേയ്ക്ക് നേരം വെളുക്കും"

-അഭിനവ് സമീഷ്

8-C, SJHSS

# കളപ്പുറത്ത് ഭീമൻ

എത്ര തിന്നാലും വിശപ്പടങ്ങാത്ത ഒരു തീറ്റ പ്രിയനായിരുന്നു കളപ്പുറത്ത് ഭീമൻ. കാഴ്ചയിൽ മഹാഭാരത കഥയിലെ ഭീമനെ പോലെ തന്നെയായിരുന്നു അയാളുടെ രൂപവും. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽപ്പെട്ട കയ്യൂർ എന്ന സ്ഥലത്തായിരുന്നു കളപ്പുറത്ത് തറവാട്.

ഭീമാകാരനായിരുന്നു എങ്കിലും അയാളെ എല്ലാവർക്കും ഇഷ്ടമായിരുന്നു. ചിലർ പഴക്കുലകളും പഴയ ചക്കകളും ഒക്കെ ഭീമനു പാരിതോഷികമായി നൽകും. അതൊക്കെ വാങ്ങിത്തിന്നുക മാത്രമല്ല, തന്നെക്കൊണ്ട് കഴിയുന്ന എന്ത് സഹായവും നാട്ടുകാർക്ക് ചെയ്തുകൊടുക്കാനും അയാൾ  സദാ സന്നദ്ധനായിരുന്നു.

ഒരിക്കൽ കളപ്പുറത്ത് ഭീമന്റെ അയൽപക്കത്തെ വീട്ടുകാർ ഒരു വലിയ കിണർ കുഴിക്കാൻ തുടങ്ങി.കുഴിച്ചു കുഴിച്ച് കുറേ ചെന്നപ്പോൾ അവർ ഒരു കൂറ്റൻ പാറ കണ്ടു പാറയ്ക്ക് താഴെയാണ് വെള്ളമുണ്ടായിരുന്നത്.

നാട്ടുകാർ എവിടെനിന്നോ ഒരു സംഘം പണിക്കാരെ കൊണ്ടുവന്നു. കൂറ്റൻ വടങ്ങളും വലിയ ഇരുമ്പ് ചങ്ങലുകളും ഒക്കെയായിട്ടായിരുന്നു അവർ വന്നത്.

എല്ലാവരും ചേർന്ന് പാറ വലിച്ചുമാറ്റാൻ ഭഗീരഥപ്രയത്നം തന്നെ നടത്തി നോക്കി. പക്ഷേ, എന്തുകാര്യം? പാറ ഒന്ന് അനക്കാൻ പോലും അവർക്ക് കഴിഞ്ഞില്ല.

ആ വീട്ടുകാർ ഒരു തന്ത്രം ഉപയോഗിക്കാൻ തീരുമാനിച്ചു. അവർ ഒരു ഗംഭീരൻ സദ്യ ഒരുക്കി മൂന്ന് കുട്ടകം ചോറും രണ്ട് കുട്ടകം പോത്തിറച്ചി കറിയും ഒരു കുട്ടകം പച്ചക്കറിയും ഒക്കെ തയ്യാറാക്കിയ ശേഷം ഭീമനെ സദ്യക്ക് ക്ഷണിച്ചു.

സദ്യയുണ്ട് ശേഷം ഭീമൻ പറഞ്ഞു: "കൊള്ളാം സദ്യ വളരെ കേമമായി! എവിടെയാ കൈകൾ കഴുകാൻ വെള്ളം?'' ഭീമൻ നാലുപാടും നോക്കി. അപ്പോൾ വീട്ടിലെ കാരണവർ പറഞ്ഞു: "ഭീമ വെള്ളം കിണറ്റിന്റെ താഴെയാണ്. മീതെ ഒരു പാറ ഉള്ളതുകൊണ്ട് വെള്ളമെടുക്കാൻ പറ്റുന്നില്ല. അത് നീക്കിയാലേ കൈ കഴുകാനുള്ള വെള്ളം കിട്ടുകയുള്ളൂ."

ഇതുകേട്ടതോടെ ഭീമൻ കിണറ്റിലേക്ക് തല എത്തിച്ചു നോക്കി. അതാ, അവിടെ ഒരു ഉഗ്രൻ പാറ! അതിന്റെ ഒരു വശത്ത് വടവും മറ്റൊരു വശത്ത് ചങ്ങലയും കെട്ടിയിട്ടുണ്ട്. ഭീമൻ ഇടതു കൈകൊണ്ട് വടത്തിൽ പിടിച്ച് ഒരൊറ്റവലി!

എന്തു പറയാൻ! ആ നിമിഷത്തിൽ തന്നെ കൂറ്റൻപാറ കരയിലെത്തി. ഭീമൻ വേഗത്തിൽ ഓടിച്ചെന്ന് കയറുകെട്ടിയ ഒരു പാളയുടെ സഹായത്തോടെ വെള്ളം എടുത്ത് കൈകഴുകി.അതുകണ്ട് വീട്ടുകാർക്ക് മാത്രമല്ല നാട്ടുകാർക്ക് മുഴുവൻ സന്തോഷമായി.

# കുട്ടികളും ആരോഗ്യവും

കുട്ടികൾ ആരോഗ്യത്തോടെ വളരണമെന്ന് എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാവൂ. കുട്ടികളുടെ ഓട്ടവും ചാട്ടവും മാത്രമല്ല പഠനവും പാട്ടും പടം വരെയും എല്ലാം അവരുടെ ആരോഗ്യത്തിന് കൂടി ലക്ഷണമാണ്.

ഓടിച്ചാടി കളിച്ചു നടക്കുന്ന കുട്ടി മാനസികമായി ഉന്മേഷവാനായിരിക്കും. ഉന്മേഷവും മാനസിക ഉണർവും ഉള്ള കുട്ടി കാര്യങ്ങൾ എളുപ്പം പഠിച്ചെടുക്കുകയും ഓർത്തിരിക്കുകയും ചെയ്യുമെന്നാണ് പഠനങ്ങൾ പറയുന്നത്.

നല്ല ഭക്ഷണവും, വ്യായാമം, വിശ്രമം, എന്നിവയാണ് ആരോഗ്യപരമായ വളർച്ചയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ.

ജങ്ക് ഫുഡുകളോട് കുട്ടികൾക്ക് പൊതുവേ ഇഷ്ടക്കൂടുതൽ. കുട്ടി മടികൂടാതെ കഴിക്കുകയും ചെയ്യും വിശപ്പും മാറും. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ മിക്ക മാതാപിതാക്കളും കുട്ടികളുടെ " വയറു നിറയുന്നുണ്ടോ" എന്ന് മാത്രമേ നോക്കു ഇതിന് പകരം കുട്ടിയുടെ ശാരീരിക വളർച്ചയ്ക്ക് മാത്രമല്ല, മാനസിക ആരോഗ്യവും ശക്തിപ്പെടുത്തുന്ന ആഹാരം നൽകാൻ ശ്രദ്ധിക്കണം.

ഓടിച്ചാടി ഉള്ള കളികളാണ് കുട്ടികളുടെ വ്യായാമം. കൈകാലുകൾ നന്നായി ചലിപ്പിക്കുന്ന രീതിയിൽ കുട്ടികൾ എല്ലാ ദിവസവും അൽപസമയം ഓടി കളിക്കണം. എന്ന് കരുതി സദാസമയവും കളിച്ചു നടക്കണം എന്നില്ല. രാവിലെയോ വൈകിട്ടോ വെയിൽ ഇല്ലാതെ സമയം വേണം ഓട്ടവും ചാട്ടവും ഒക്കെ.

നല്ല വിശ്രമവും കുട്ടികളുടെ ആരോഗ്യത്തിന് അത്യാവശ്യമാണ്. കൃത്യമായ ഉറക്കം ഉറപ്പുവരുത്തണം. എല്ലാത്തിനും ഉപരി ഉല്ലാസം നിറഞ്ഞ ഒരു ചുറ്റുപാട് കുട്ടികൾക്ക് ഒരുക്കി കൊടുക്കണം. പഠിക്കുന്ന കാര്യങ്ങളും മറ്റും നിരന്തരം സൂചിപ്പിച്ച അനാവശ്യമായ സമ്മർദ്ദം കുട്ടികളിൽ ചെലുത്താതെയും ശ്രദ്ധിക്കണം. മാനസിക പിരിമുറുക്കം അവരെ മാനസികമായി മാത്രമല്ല, ശാരീരികമായും തളർത്തിയേക്കാം...

# മുത്തശ്ശനും മുത്തശ്ശിയും..

മുത്തശ്ശൻ ചൊല്ലുന്ന പാട്ടുകൾ കേൾക്കുമ്പോൾ
മുത്തശ്ശി അമ്മ താളമിട്ടും
മുത്തശ്ശി പറയുന്ന കഥകൾ കേൾക്കുമ്പോൾ
മുത്തശ്ശൻ മെല്ലെ തലകുനിക്കും
കഥകളും പാട്ടും കേൾക്കാൻ ഞങ്ങളോ അരികത്ത്
ചെല്ലുമ്പോൾ
അവർ ചിരിക്കും അതുകൊണ്ട് ഞങ്ങൾ സന്തോഷിക്കും..

# പട്ടവും പന്തും

അച്ഛനൊപ്പം കടൽത്തീരത്ത് വന്നതാണ് ദേവൂട്ടി. വീട്ടിൽ നിന്നു കൊണ്ടുവന്ന പന്ത് താഴെ വച്ച് അവൾ പട്ടം കയ്യിൽ എടുത്തു. ദേവൂട്ടി പട്ടം പറത്താൻ തുടങ്ങി.

ഉയരെ ഉയരെ പറന്നപ്പോൾ പട്ടം ഒരു പരുന്തിനെ കണ്ടു. പിന്നെ മേഘങ്ങൾ, വിമാനം..എല്ലാ തൊട്ടടുത്തു കണ്ടു. കുറേ കഴിഞ്ഞപ്പോൾ പട്ടം നൂല് പൊട്ടി താഴെ വീണു.

താഴെ വീണു കിടക്കുന്ന പട്ടത്തെ കണ്ട് താഴെയിരുന്ന പന്ത് ചിരിച്ചു. "ഉയർന്നു പറന്നിട്ടെന്തായി? താഴെ വീണില്ലേ?", പന്ത് കളിയാക്കി.

അപ്പോൾ പട്ടം പറഞ്ഞു " താഴെ വീണാൽ എന്താ ഞാൻ എന്തെല്ലാം കാഴ്ചകൾ കണ്ടു.ഉയരെ പറക്കുന്ന ചെമ്പരുന്തിനൊപ്പം പറന്നു, വിമാനത്തെയും മേഘങ്ങളെയും തൊട്ടടുത്തു കണ്ടു. ഹോ...എന്തു രസമായിരുന്നെന്നോ? നീ ഈ കടൽത്തീരത്തെ മനുഷ്യരെ തന്നെയല്ലേ എന്നും കാണുന്നത്". പട്ടത്തിന്റെ മറുപടി കേട്ട് പന്ത് നാണിച്ചു പോയി. താൻ എത്ര നിസ്സാരനാണെന്ന് പന്തിനു തോന്നി.


ആരെയും ഇനി കളിയാക്കില്ലെന്ന് പന്ത് തീരുമാനിച്ചു.






# കൊതുകേ

കൊതുകേ കൊതുകേ
പതുക്കെ വന്ന് മുതുകിൽ ഇരിക്കരുതേ!
ഇരുന്നു നീയെൻ ചോരയെടുത്താൽ
വിടില്ല ഞാൻ നിന്നെ!



വെറുതെ കൈ ഞാൻ
പുറത്തുവച്ച് ഒരു തേപ്പു കൊടുത്താലോ?
അപ്പോൾ തന്നെ ചതഞ്ഞുതീരും
ഓർത്തുകളിച്ചോ നീ



# പന്ത്

കാട്ടിലെ പന്ത് പറിച്ച്
ചന്തയിലെത്തി പൊന്നപ്പൻ
ചന്തം കണ്ട പന്തും വാങ്ങി
പന്ത് കളിച്ചു നാണപ്പൻ!



## കൂട്ടുകൂടി വളരാം

" കൂട്ടുകൂടി കളിച്ചു നടക്കാതെ വീട്ടിൽ അടങ്ങിയിരിക്ക്!" പല രക്ഷിതാക്കളും കൊച്ചു കുട്ടികളെ ഇങ്ങനെ ശാസിക്കാറുണ്ട്. ഒറ്റനോട്ടത്തിൽ നിസ്സാരമായ ഒരു ശാസന.സത്യത്തിൽ ഇത് കുട്ടിക്ക് ചുറ്റും ഒരു മതിൽ ഉയർത്തുന്നത് പോലെയാണ്.

മനുഷ്യന്റെ ഏറ്റവും വിലപ്പെട്ട സമ്പാദ്യങ്ങളിൽ ഒന്നാണ് സൗഹൃദബന്ധങ്ങൾ. നല്ല ചങ്ങാതിമാരെ എങ്ങനെ നേടാമെന്ന് കുട്ടി ആയിരിക്കുമ്പോൾ തന്നെ അഭ്യസിക്കേണ്ട വിലപ്പെട്ട പാഠമാണ്.

കൂട്ടുകാരിലൂടെയാണ് കുട്ടികളുടെ ലോകം വികസിക്കുന്നത്. ധാരാളം കാര്യങ്ങൾ ഈ കൂട്ടു കൂടലിലൂടെ അവർ പഠിക്കുന്നു. പെരുമാറ്റം, സഹകരണം,പങ്കിടൽ തുടങ്ങിയ ധാരാളം കാര്യങ്ങൾ സൗഹൃദത്തിലൂടെ ആണ് പഠിക്കുന്നത്.

മാനസികവും ബുദ്ധിപരവുമായ വളർച്ചയെ സുഹൃത്തുക്കൾ സ്വാധീനിക്കും എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മാനസിക സംഘർഷങ്ങൾ ഒഴിവാക്കാനും ഒറ്റപ്പെടാതിരിക്കാനും ആത്മവിശ്വാസം വളർത്താനും നല്ല കൂട്ടുകെട്ടുകൾ സഹായിക്കും. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ചെറുതല്ലാത്ത ഒരു പങ്ക് കൂട്ടുകാർക്കും അവകാശപ്പെട്ടതാണ്. അതുകൊണ്ടുതന്നെ കൂട്ടുകാരെ തിരഞ്ഞെടുക്കുമ്പോൾ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. അതിനു സഹായിക്കേണ്ടത് മാതാപിതാക്കളും അധ്യാപകരും ആണ്.

കുട്ടികൾക്ക് ഗുണകരമല്ലാത്ത സൗഹൃദങ്ങൾ ഉണ്ടെങ്കിൽ അവ ഒഴിവാക്കി നല്ല സൗഹൃദങ്ങൾ വളർത്തിയെടുക്കാൻ മുതിർന്നവർ ശ്രദ്ധിക്കണം.

കുട്ടികൾ തമ്മിലുള്ള ഇടപെടലുകൾ ചെറിയ ചില ഉരസലുകളും തർക്കങ്ങളും സാധാരണമാണ് . എപ്പോഴും ഇതിൽ മാതാപിതാക്കൾ ഇടപെടാതിരിക്കുകയാണ് നല്ലത്. കുട്ടികൾ തമ്മിൽ ഒരു ധാരണയിൽ എത്തട്ടെ. ഇതുവഴി മുതിർന്നവർ ചെയ്യുന്നത് സമൂഹത്തിന്റെ മര്യാദകൾ  മനസ്സിലാക്കാൻ അവർക്ക് അവസരം നൽകുകയാണ്.

## അമ്മേ എന്നു വിളിക്കാമോ മാതൃത്വത്തെ ?

**പത്തു മാസംവയറ്റിൽ പോറ്റുന്ന**
**ഒടുവിൽ കൊടും വേദനയായി പ്രസവിപ്പൂ,**
**കുഞ്ഞോമന അമ്മയുടെ മാറത്തേക്കണയുന്നു.**
**അമിഞ്ഞ പാലിനായി കുഞ്ഞി ചുണ്ടുകൾ അനക്കുന്നു.**

**പതിയെ പതിയെ കുഞ്ഞ് കൈകാലുകൾ അനക്കുന്നു.**
**കുഞ്ഞിളം മോണ കാട്ടി പുഞ്ചിരിക്കുന്നു....**
**പട്ടു ശയ്യയിൽ കിടന്നു കളിക്കേണ്ടേ...**
**ഓമന ഇന്നിതാ ചവിട്ടു കുട്ടയിൽ**
**കൊടും ക്രൂരത കാട്ടുന്നൊരമ്മയെ**
**മാതൃത്വം എന്നു വിളിക്കാമോ?**

-ആൻ മേരി ജേയ്മ്സ്
8,A SJHSS




# കേരളം

കേരളമാണെന്റെ ജന്മഭൂമി.
കേരങ്ങൾ നിറഞ്ഞ നാടാണ് നമ്മുടേത്.
കേരളമേ നിന്റെ ഓമനപ്പേർ കേൾക്കേ
കോൾമയാർ കൊള്ളുന്നെൻ ഉള്ളമെന്നും.
ഒരുമയോടെന്നും പുവർന്ന ഭൂമി,
പെരുമയെഴുന്നൊരു ധന്യഭൂമി,
തേന്മാവിൻ തോപ്പും,
നീളേ കുളിരൊളി തീണ്ടി –
എന്റെ കേരളമെന്തൊരു ഭംഗി.



# പൂവത്രേ!..

കാറ്റേ പൂന്തോട്ടത്തിൽ കാറ്റത്തിളകും പൂവത്രേ?
കിളിയെ കിളിയെ പൂന്തോട്ടത്തിൽ കളിയിൽ മുഴുകും പൂവത്രേ?
ഇവിടെയുണ്ട് പൂന്തോട്ടത്തിൽ ആയിരമായിരം പൂവുണ്ടേ! "
കാറ്റത്തിളകും കളിയിൽ മുഴുകും പുഞ്ചിരി തൂകും പൂവുണ്ടേ!



# സൗഹൃദബന്ധവും ജീവിതവും

കൗമാരം കഴിഞ്ഞ് യൗവ്വനത്തിലേക്ക് കടക്കുന്ന ഒരു കുട്ടി. റീനയുടെയും ജോർജിന്റെയും മകളായ റൂബി. വിദ്യാലയ ജീവിതം കഴിഞ്ഞ് സ്വന്തം കാലിൽ നിൽക്കാനുള്ള പ്രായം.അവളുടെ ജീവിതത്തിൽ വേണ്ട എല്ലാ ആവശ്യങ്ങൾക്കും അവർ ഇഷ്ടംപോലെ പണം നൽകുമായിരുന്നു. എന്നാൽ അമ്മയും അച്ഛനും അവളുടെ അരികത്തിലായിരുന്നു . സ്വന്തം വീട്ടിൽ താൻ ഒറ്റക്കാണ് എന്ന് അവൾക്ക് അറിയാമായിരുന്നു. എങ്കിലും അവൾ അത് അധികം ഓർക്കാറില്ല. പുറത്ത് പോയി കറങ്ങി ഭക്ഷണം കഴിച്ച് അവൾ ജീവിച്ചു. അവളുടെ മാതാപിതാക്കൾ പെട്ടെന്ന് മറ്റെങ്ങോ ദൂരേക്ക് പോയി വീട്ടിൽ ഇനി ആരും ഉണ്ടാവില്ല. അവൾക്ക് പേടിയായാലോ രാത്രി എന്ന് ഇതുവരെ കരുതാതെ ഇപ്പോൾ കരുതിയത് കൊണ്ടാവാം.അവളെ ഹോസ്റ്റലിൽ ആക്കിയത് കുറച്ച് പഴക്കം തോന്നുന്ന ഹോസ്റ്റലായിരുന്നു അത്. അത്യാവിശ്യം പൊടി പിടിച്ച് കിടക്കുന്നതുപോലെ . അവൾക്ക് അവിടെ തീരെ ഇഷ്ട്മില്ലായിരുന്നു . ഒരു റൂമിൽ അവളും മറ്റൊരു പാവപ്പെട്ട കുട്ടിയുമായിരുന്നു ഉണ്ടായിരുന്നത് .അവർ പതിയെ അടുത്തുതുടങ്ങി . ആ പെൺകുട്ടിയുടെ ജീവിതം എന്നാൽ സന്തോഷവും സ്നേഹവും കിട്ടി വളർന്ന മകളായിരുന്നു.എന്നാൽ അവളുടെ മാതാപിതാക്കൾ അവളെ വിട്ട് പോയിട്ട് മൂന്ന് വർഷമായി . നാട്ടുകാർ ചേർന്നാണ് അവളെ ഹോസ്റ്റലിൽ ആക്കിയത് . ഇവർ രണ്ടുപേരും നല്ല ബന്ധത്തിൽ തുടർന്നു . റൂബി തൻെറ ജീവിത്തിൽ പണം ഉണ്ടെങ്കിൽ എന്തും നേടാം എന്നത് പതിയെ മറക്കാൻ തുടങ്ങി .ഒരു ദിവസം റൂബിക്ക് ഒരു കോൾ വന്നു.

നീ പെട്ടെന്ന് ഇവിടെ വരെ വരണം അല്ലെങ്കിൽ നിൻെറ മാതാപിതാക്കളെ നീ ഇനി കാണുകയില്ല.അവൾ ഭയന്നു അവൾ സുജാതയെയും കൂട്ടി ഹോസ്റ്റലിൽ നിന്ന് അവർ പറഞ്ഞ സ്ഥലത്തേക്ക് പോയി. റൂബി ഭയന്നതിനെകാളും അവളുടെ അമ്മയും അച്ഛനും ഭയന്നിരുന്നു കാരണം തൻെറ മകൾക്ക് പണം മാത്രം മതി എന്ന രീതിയിലാണ് തങ്ങൾ വളർത്തിയിരുന്നത്. ആ കൊലയാളി അവളോട് പണം തരാം നീ ഇവരെ കൊല്ലണം എന്ന് പറഞ്ഞാൽ അവൾ പണം എടുത്ത് സ്വന്തം മാതാപിതാക്കളെ കൊല്ലുമോ?

എന്നതായിരുന്നു അവരുടെ ഭയം

കൊല്ലയാളി കാര്യം പറഞ്ഞു:

"നീ നിൻെറ അച്ഛനെയും അമ്മയെയും കൊല്ലണം നിനക്ക് ഞാൻ പണം നൽകാം". ഒരുപക്ഷെ അവളുടെ ജീവിതത്തിൽ പണം മാത്രം മതി അതൊന്ന് അവളുടെ ജീവിതം എന്ന് അറിഞ്ഞ് മനസ്സിലാക്കിയിട്ടാവാം അങ്ങനെ പറഞ്ഞത് .കൊലയാളി പണം കാണിച്ചപ്പോളെ അവൾ അങ്ങോട്ട് ചാഞ്ഞിരുന്നു . സുജാത ഭയന്നു തൻെറ സ്വന്തം മാതാപിതാക്കളെ ഇല്ലാതാക്കുമോ എന്ന് റൂബി പണമെടുത്ത് കൈയ്യിൽ വച്ച് കത്തിയെടുത്തു എല്ലാവരും ഭയന്നു . അവൾ നടന്നു മാതാപിതാക്കളുടെ അടുത്തേക്ക് .

അവർ രണ്ടുപേരും കരയുകയായിരുന്നു.തൻെറ മകളെ തങ്ങൾ വളർത്തിയ രീതി തെറ്റായിരുന്നു .റൂബി ഹോസ്റ്റലിൽ പോയി എന്താണ് പഠിച്ചതെന്ന് അവർക്ക് അറിയില്ലായിരുന്നു . അവൾ കത്തിയെടുത്ത് വീശികൊണ്ട് മുറിഞ്ഞത് തൻെറ മാതാപിതാക്കളെ കെട്ടിരുക്കിയിരുന്ന കയറായിരുന്നു . കൊല്ലയാളി അവളെ അക്രമിക്കാൻ വന്നു അപ്പോഴേക്കും അവിടെ പോലീസ് വന്നിരുന്നു .അവർ കൊലയാളികളെ കൊണ്ടുപോയി . മാതാപിതാക്കൾ റൂബിയെ പിടിച്ച് കരഞ്ഞുകൊണ്ടിരുന്നു.

മകളെ നിന്നെ ഞങ്ങൾ പണം തന്ന് വളർത്തി ഞങ്ങൾ മറന്ന് പോയി സ്നേഹമെന്താണെന്ന് .നിന്നെ പഠിപ്പിക്കാൻ എന്നാൽ നീ അത് പഠിച്ചു.റൂബി പറഞ്ഞു നിങ്ങൾ എന്നെ സ്നേഹം എന്ത് എന്ന് പഠിപ്പിക്കാൻ മറന്നു എന്നാൽ എൻെറ ഫ്രണ്ട് സുജാത അത് അനുഭവിച്ച് ജീവിച്ചവളാണ് അവൾ അതെനിക്ക് പഠിപ്പിച്ച് തന്നു. മാതാപിക്കൾ സുജാതയുടെ മുമ്പിൽ മുട്ട് കുത്തി നന്ദി പറഞ്ഞു.

## ദേവികയുടെ ജീവിതം..

ഒരു ചെറിയ ഗ്രാമപ്രദേശത്ത് ഒരു വലിയ തറവാട്ട് ഉണ്ടായിരുന്നു. ആ തറവാട്ടിലാണ് ദേവികയുടെ ജനനം. അച്ഛനായ കൃഷ്ണൻകുട്ടി അമ്മയായ കാർത്തികയ്ക്കും കുറെ വർഷത്തെ കാത്തിരിപ്പിനൊടുവിൽ ജനിച്ച പെൺകുട്ടിയാണ് ദേവിക. അവളെ സ്നേഹിച്ചു മതിയാവുന്നതിനു മുൻപേ അവർ രണ്ടുപേരും പോയി, അവളുടെ രണ്ടാം വയസ്സിലായിരുന്നു ഈ സംഭവം. ദേവികയെ എല്ലാവരും ദേവു എന്നാണ് വിളിക്കുന്നത്. ദേവുവിന് ചെറുപ്പത്തിലെ അമ്മയും അച്ഛനും ഇല്ലാതെയാണ് വളർന്നത്. അതുകൊണ്ട് ആ തറവാട്ടിലെ എല്ലാ ബന്ധു മിത്രാദികൾക്കും അവളെ വലിയ കാര്യമായിരുന്നു. അവൾ അങ്ങനെ എല്ലാ സൗകര്യങ്ങളോടും കൂടിയാണ് ആ തറവാട്ടിൽ വളർന്നത്.അവളുടെ  സമപ്രായക്കാരായ കുട്ടികൾ ആ തറവാട്ടിൽ ഇല്ലായിരുന്നു. അതുകൊണ്ട് അവൾക്ക് കളിക്കൂട്ടുകാർ ഇല്ലായിരുന്നു.

ഏകാന്തതയുടെ ശബ്ദം അവളെ വേട്ടയാടി. ഇതിനെയെല്ലാം ഇടയിലും, കിടക്കുന്നതിനു മുമ്പ് അവളുടെ മുത്തശ്ശിയുടെ കഥകൾ കേൾക്കാൻ അവൾ മുത്തശ്ശിയുടെ അരികിൽ എത്തുമായിരുന്നു. മുത്തശ്ശിയുടെ കഥ അവൾക്ക് വളരെ ഇഷ്ടമായിരുന്നു.ആ കഥകൾ കേട്ടാണ് അവൾ ഉറങ്ങാറ്. ആ വലിയ തറവാട്ടുമുറ്റത്ത് ഒരു വലിയ മാവ് അതിന്റെ കൊമ്പത്ത് അവളുടെ അമ്മാവൻ കെട്ടിക്കൊടുത്ത ഒരു ഊഞ്ഞാൽ ഉണ്ടായിരുന്നു.അതിലിരുന്ന് ആടുന്നത് അവളുടെ ഒരു വിനോദമായിരുന്നു. അവൾ എല്ലാ ദിവസവും രാത്രി ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കിയിരിക്കും.

കുറെ വർഷങ്ങൾക്കുശേഷം അവൾ പത്താം ക്ലാസിൽ എത്തി നല്ല മാർക്കോടെ കൂടി ജയിച്ചു അവളുടെ മുത്തശ്ശിക്കും മുത്തശ്ശനും സന്തോഷമായി. അവർക്ക് അവളെ ഡോക്ടർ ആക്കാൻ ആയിരുന്നു താല്പര്യം. അവർ ആ തീരുമാനത്തെ നിഷേധിച്ചില്ല.എല്ലാ പ്രശ്നങ്ങൾക്കിടയിലും അവരുടെ സ്വപ്നങ്ങൾക്ക് വില നൽകി. ഇത് അവളുടെ ജീവിതത്തിന് കൂടുതൽ വെളിച്ചം നൽകി അങ്ങനെ അവൾ ഡോക്ടർ ദേവികയായി.

# കൂട്ടുകാർ

കിളികൾ എന്റെ കൂട്ടുകാർ
കളമൊഴികൾ പാട്ടുകൾ
ചിലരുണരും പുലരിയിൽ
ചിലരു പാടും രാത്രിയിൽ

പലനിറങ്ങൾ ഉള്ളവർ
പല വലുപ്പമാണവർ
പല വഴിയെ പാറുവോർ
പല കഥകൾ പാടുവോർ

ചിലരു പോരടിക്കുവോർ
ചിലരു സ്നേഹമുള്ളവർ
എന്നെ പോലെയാണവർ!..

പാപിയാര്?

ഉദരത്തിൽനിന്ന്  ഭുവനത്തിലേക്കിറങ്ങുമ്പോൾതന്നെ പിഴച്ചു പോയൊരു ജന്മം...

വെറുപ്പുനിറഞ്ഞ നോട്ടങ്ങൾ,
അകറ്റിനിർത്തപ്പെടുന്ന വാക്കുകൾ,
നിശ്ചലമാക്കുന്ന പ്രവർത്തികൾ..

എന്റെ ലോകമെന്നെ കോമാളിയാക്കുന്നു, ഭയാനകമാക്കുന്നു...
എൻ പാതയിലെ വിളക്കുകളെ ഊതികെടുത്തുന്നു, ഇരുണ്ടലോകത്തേക്കടിച്ചു താഴ്ത്തുന്നു.

പ്രകൃതിവിരുദ്ധമെന്നിവർചൂണ്ടിയ എന്റെ ജന്മ മിന്നിതാ അന്ത്യശ്വാസം വലിക്കുന്നു...

ആണും പെണ്ണും കെട്ടതെന്ന സമൂഹനാമത്തിനിരയാകുംനേരം...,
മൂർച്ചനിറഞ്ഞ വാക്കു കളാൽ മുറിഞ്ഞ മുറിവുകളിൽനിന്ന് കണ്ണുനീർ ഒഴുക്കും നേരം...,
എനിക്കുമുൻപിൽ ലോകം തുറക്കാനാകാത്ത വാതിലുകളായനേരം...,
ഈ നശിച്ച ലോകത്തോടുള്ള വെറുപ്പു താങ്ങാനാകാതെ എന്റെ മനസ്സ് ഭ്രാന്തമാകുന്നു...
പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കില്ല എന്നുമൊഴിഞ്ഞവൻ പോലുമിന്നിതാ എനിക്കുമുൻമ്പിൽ നിശബ്ദമായിരിക്കുന്നു.

മണ്ണിനോടുള്ള വെറുപ്പാൽ എന്റെ തെറ്റുകൾക്കതിരുകളില്ലാതാക്കുന്നു...
മനസ്സിൽ ദുഷ്ടതയുടെയും കള്ളത്തരത്തിന്റെയും കോട്ടകൾ കെട്ടിയുയർത്തുന്നു...
ജീവിതം ക്രൂരതയെന്ന പാതയിലേക്കു മാത്രം നയിക്കുന്നു...

ഇന്നിതാ..,
എനിക്കുമുൻമ്പിൽ തെറ്റുകളില്ല, ശരികളുമില്ല...

എന്റെ ലോകമെന്നെ കോമാളിയാക്കുന്നു, ഭയാനകമാക്കുന്നു, ഇന്നിതാ ക്രൂരനുമാക്കുന്നു..

എന്നിട്ടും എനിക്കു നേരെ എന്തിനിവർ പാപി എന്ന് കൈ ചൂണ്ടുന്നു...

ഞാനാണോ പാപി?
വിഷമുള്ള വെറുപ്പുനിറഞ്ഞ ആ പാപി ഞാനാണോ?

സുമനസ്സുകൾക്ക്......
നന്ദി

സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവതരിപ്പിച്ച ഈ മാഗസിനിന് നിങ്ങളുടെ എല്ലാവിധ പ്രോത്സാഹനവും  നൽകിയതിന് ഒരുപാട് നന്ദി. ഓർമ്മകളും കലയും ഒരുമിച്ച് ചേർത്ത് വെച്ച് കുറിപ്പുകളും,കവിതകളും,കഥകളും, തയ്യാറാക്കിയവർക്ക്, ചിത്രങ്ങൾ ഒപ്പിയെടുത്ത വർക്ക്,ഡിസൈൻ ചെയ്തവർക്കും,ഈ മാഗസിനെ മനോഹരമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ സ്നേഹപൂർവ്വം സമർപ്പിക്കുന്നു. ഇത് തയ്യാറാക്കാൻ ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ പ്രാപ്തരാക്കിയ സകലത്തിന്റെയും നാഥന് ഹൃദയം നിറഞ്ഞ നന്ദി.............

എഡിറ്റോറിയൽ ബോർഡ്